Draft #2 of File 32536/PR 1/1/2019/PR 1 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Nov-2019 01:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പി ജി സി എസ് എസ് 2019 സിലബസ് പരിഷ്ക്കരണം - 2019 -20 അദ്ധ്യയന വർഷത്തെ പ്രൈവറ്റ് രജിസ്ട്രേഷൻ വിജ്ഞാപനം - നിലവിലെ സർവ്വകലാശാലാ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 5754/AC A 3/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 18.11.2019

---

പരാമർശം:-1 .5565 / Ac A 9 / 2019 എം ജി യു തീയതി 11 .11 .2019

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2019 ൽ നിലവിൽ വന്ന പി ജി സി എസ് എസ് റഗുലേഷൻ റഗുലർ പ്രോഗ്രാമുകൾക്ക് ബാധകമായത് പ്രൈവറ്റ് സമ്പ്രദായത്തിലുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുകൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം 2019-20 അദ്ധ്യയന വർഷത്തെ പ്രൈവറ്റ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന ഭേദഗതികൾ ആവശ്യമായി വരികയും ആയത് നടപ്പിൽ വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ബഹു: വൈസ്ചാൻസിലറുടെ അംഗീകാരം തേടുകയും ചെയ്തിരുന്നു .

1. <u>റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം.</u>

**i )** റഗുലർ സ്കീമിൽ പി.ജി. Pre-CSS സിലബസ് 2012 ൽ അവസാനിപ്പിച്ചതിനാലും ഈ സിലബസിൽ അഡ്മിഷൻ എടുക്കുന്ന റഗുലർ വിദ്യാർഥികൾ 6 വർഷത്തിനുള്ളിൽ കോഴ്സ് പൂർത്തീകരിക്കണമെന്നുള്ളതിനാലും പുതിയ പി ജി സി എസ് എസ് 2019 സിലബസ് നടപ്പിൽ വരുമ്പോൾ 2019-20 അദ്ധ്യയന വർഷം മുതൽ Pre-CSS സിലബസ്സിൽ II, III, IV സെമസ്റ്ററുകളിലേയ്ക്ക് റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം അനുവദനീയമല്ല.

ii ) പി ജി സി എസ് എസ് 2019 റഗുലേഷൻ നടപ്പിൽ വരുമ്പോൾ 2019-20 അദ്ധ്യയന വർഷം മുതൽ CSS- 2019 സിലബസ്സിൽ റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം സാധ്യമാണ് . ആയതിനാൽ CSS-2019 സിലബസ്സിൽ ഒന്നാം സെമസ്റ്റർ പൂർത്തീകരിച്ച് പരീക്ഷകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് രണ്ടാം സെമസ്റ്ററിലേയ്ക്ക് റഗുലർ ടു പ്രൈവറ്റ് സ്കീം മാറ്റം അനുവദനീയമാണ്.

മേല്പറഞ്ഞ ഭേദഗതികൾ ബഹു:വൈസ്ചാൻസിലർ 16.11.2019 ൽ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ

2.രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ സെക്രട്ടറിമാർ

3.എ ആർ II /ഡി ആർ II/ജെ ആർ II (അക്കാദമിക് വിഭാഗം )

4.എ ആർ XIII /ഡി ആർ III /ജെ ആർ III (പരീക്ഷാവിഭാഗം )

5 .എ ആർ IX /ഡി ആർ I/ജെ ആർ II(പരീക്ഷാവിഭാഗം )

6 .എ സി എ 1 /എ സി എ 9 /പി ആർ സെക്ഷനുകൾ

7.ക്യാപ് സെൽ /സിസ്റ്റം അഡ്മിൻ /CITAD

8.കണ്ടന്റ് മാനേജ്മന്റ് സെൽ

9 .സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 32536/PR 1/1/2019/PR 1 Approved by ASSISTANT REGISTRAR II (ACADEMIC) on 18-Nov-2019 01:05 PM - Page 2